പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3122.

15.02.2013 ൽ മറുപടിക്ക്

**റേഷൻ കടകളിലൂടെ വിതരണം ചെയ്യപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ ക്ഷാമം**

**ചോദ്യം**

ശ്രീ കെ.എൻ.എ. ഖാദർ :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) റേഷൻ കടകളിലൂടെ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് ഇപ്പോൾ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ ഏതെല്ലാമാണെന്നും എത്ര അളവിലാണെന്നും വ്യക്തമാക്കുമോ ;

(എ) സംസ്ഥാന പൊതുവിതരണ സമ്പ്രദായം മുഖേന റേഷൻ കടകളിലൂടെ താഴെപ്പറയുന്ന അളവിലും നിരക്കിലും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്.
ബി.പി.എൽ കാർഡുടമകൾക്ക് 2013 ഫെബ്രുവരി മാസത്തിൽ കിലോ ഗ്രാമിന് 1/- രൂപ നിരക്കിൽ 25 കിലോ ഗ്രാം അരിയ്ക്കും 2/- രൂപ നിരക്കിൽ 10 കിലോഗ്രാം ഗോതമ്പിനും അർഹത ഉണ്ടായിരിക്കും. മേൽപ്പറഞ്ഞതിനു പുറമേ കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 5 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 2 കിലോഗ്രാം ഗോതമ്പും ബി.പി.എൽ കാർഡുടമകൾക്ക് ലഭിക്കും. എ.പി.എൽ കാർഡുടമകൾക്ക് കിലോക്ക് 8.90 രൂപ നിരക്കിൽ പരമാവധി 10 കിലോഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കിലോഗ്രാം ഗോതമ്പുംലഭിക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പരമാവധി 9 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ലഭിക്കും. ഇതിനുപുറമേ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തവരുമായ എ.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 6.20

രൂപ നിരക്കിൽ 19 കിലോഗ്രാം അരിയും 4.70 രൂപ നിരക്കിൽ 6 കിലോഗ്രാം ഗോതമ്പും അധികമായി ലഭിക്കും. എ.എ. വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1/- രൂപ നിരക്കിൽ 35 കിലോഗ്രാം അരിലഭിക്കും.അന്നപൂർണ്ണ കാർഡുടമ കൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കും. കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ. എ.എ. വൈ വിഭാഗത്തിലെ ഓരോ അംഗ ത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും ലഭിക്കും. എ.പി.എൽ. വിഭാ ഗത്തിൽപെട്ടവർക്ക് കിലോഗ്രാമിന് 12 രൂപ നിരക്കിൽ കാർഡൊന്നിന് 2 കിലോഗ്രാം ആട്ട പ്രതിമാസം ലഭിക്കും.

(ബി) എല്ലാ പ്രദേശങ്ങളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ച് എല്ലാ വസ്തുക്കളും കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതി പരിഹരിക്കു വാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇല്ല. എന്നാൽ പരാതി ലഭിക്കുന്ന കേന്ദ്രങ്ങളിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മാർ മുതലുള്ള ഉദ്യോഗസ്ഥർ പരിശോ ധന നടത്തി പരാതി പരിഹരിക്കുന്ന താണ്. അർഹതയുള്ളവർക്ക് അർഹ മായ അളവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(സി) ഇത്തരം പരാതികൾക്ക് അടിയ ന്തിരമായി പരിഹാരം കാണുന്ന തിന് എന്തു പ്രാദേശിക സംവി ധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) എഫ്.സി.ഐ.യിൽ നിന്നും ലിഫ്റ്റ് ചെയ്യുന്ന സാധനങ്ങൾ കൃത്യമായും എ.ആർ.ഡി./എ.ഡബ്ള്യൂ.ഡി.കളിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതി നായി റേഷനിംഗ് ഇൻസ്പെക്ടർമാരെ എഫ്.സി.ഐ. ഡിപ്പോകളിൽ നിയോഗി ക്കാറുണ്ട്. കൂടാതെ റേഷനിംഗ് ഇൻസ് പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർ കൃത്യമായിപരിശോധിക്കുകയും റേഷൻ സാധങ്ങൾ അർഹതയുള്ളവർക്ക് അർഹമായ അളവിൽ ലഭ്യമാക്കുന്നു വെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. എ.ആർ.ഡി./എ.ഡബ്ള്യൂ.ഡി.കളിൽ ഇലക്ട്രോണിക് ത്രാസുകൾ സ്ഥാപിച്ച് കൃത്യമായ അളവിൽ റേഷൻ സാധന ങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കു ന്നുവെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ പൊതുവിതരണ സമ്പ്രദായം സുതാര്യ മായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരു ത്തുന്നതിനായി ജില്ലാ/താലൂക്ക്, മുനിസി

പ്പൽ/പഞ്ചായത്ത് തലത്തിൽ ഭക്ഷ്യോപ ദേശക വിജിലൻസ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

| | |
|---|---|
| (ഡി) റേഷൻ കടകളിൽ നിന്നും മൊത്തവ്യാപാര ഡിപ്പോകളിൽ നിന്നും ഭക്ഷ്യവസ്തുക്കൾ ഭീമമായ തോതിൽ കരിഞ്ചന്തയി ലേക്ക് കടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ആയതു പരിഹരി ക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | ഭക്ഷ്യവസ്തുക്കൾ ഭീമമായ തോതിൽ കരിഞ്ചന്തയിലേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരിഞ്ചന്ത, പൂഴ്ത്തി വയ്പ്പ് മുതലായവ തടയുന്നതിനായി പൊതുവിതരണ വകുപ്പ് ശക്തമായി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഭാഗ മായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എ.ആർ.ഡി./എ.ഡബ്ള്യൂ.ഡി.കൾ നിര ന്തരം പരിശോധിക്കുകയും ക്രമക്കേടു കൾക്കെതിരെ നടപടികൾ സ്വീകരിക്കു കയും ചെയ്യുന്നു. എഫ്.സി.ഐ. യിൽ നിന്നും ലിഫ്റ്റ് ചെയ്യുന്ന സാധനങ്ങൾ കൃത്യമായും എ.ആർ.ഡി./എ.ഡബ്ള്യൂ. ഡി.കളിൽ എത്തുന്നുവെന്ന് ഉറപ്പുവരു ത്തുന്നതിനായി റേഷനിംഗ് ഇൻസ് പെക്ടർമാരെ എഫ്.സി.ഐ. ഡിപ്പോ കളിൽ നിയോഗിക്കാറുണ്ട്. റേഷൻ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയി ലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. കരി ഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്ന വർക്കെതിരെ അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടു ത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ